# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T5046 28.10.2016-ൽ മറുപടിയ്ക്ക്

**വെറ്ററിനറി സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| | ശ്രീ. ഇ. കെ. വിജയൻ | ശ്രീ.വി.എസ്.സുനിൽകുമാർ (കൃഷി ,മണ്ണ് പര്യവേഷണവും&സംരക്ഷണവും കാർഷിക,വെറ്ററിനറി സർവ്വകലാശാല,വെയർഹൗസിങ്ങ് കോർപ്പറേഷൻ വകുപ്പ് മന്ത്രി) |
| എ) | വെറ്ററിനറി സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ എല്ലാ ജില്ലയിലും പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | എ) ഇപ്പോൾ വെറ്ററിനറി സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ എല്ലാ ജില്ലയിലും പ്രവർത്തിക്കുന്നില്ല. |
| ബി) | സർവ്വകലാശാല ജില്ലാടിസ്ഥാനത്തിൽ എന്തെല്ലാം സേവനങ്ങൾ കർഷകർക്ക് നൽകി വരുന്നുവെന്ന് വ്യക്തമാക്കുമോ; | ബി) സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ കർഷകർക്കുള്ള സെമിനാറുകൾ, ചർച്ചാ ക്ളാസ്സുകൾ, മൃഗസംരക്ഷണ മേഖലയിലും, അനുബന്ധ മേഖലയിലും ഉള്ള തൊഴിൽ സംരഭകത്വ വികസന സെമിനാറുകൾ , മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ, പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി നല്കൽ തുടങ്ങിയ സേവനങ്ങളാണ് കർഷകർക്ക് നൽകി വരുന്നത്. |
| സി) | സർവ്വകലാശാലയുടെ കീഴിൽ ഭാവിയിൽ തുടങ്ങാനുദ്ദേശിക്കുന്ന സ്ഥാപനങ്ങൾ/പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | സി) പാലക്കാട് തിരുവിഴാംകുന്ന് ഒരു പുതിയ വെറ്ററിനറി കോളേജ്, വയനാട്ടിൽ വൈൽഡ് ലൈഫ് കോളേജ്, എല്ലാ ജില്ലയിലും ഗവേഷണ പരിശീലന-തൊഴിൽ സംരഭക കേന്ദ്രങ്ങൾ എന്നിവ തുടങ്ങുന്ന വിഷയം ആലോചിക്കും. |

സെക്ഷൻ ഓഫീസർ